**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗികളുടെ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ രോഗികളുടെ ചികിത്സക്കായി എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കോവിഡ് First Line Treatment Centre (CFLTC) (A) പ്രാഥമിക തലത്തിൽ മിതമായ ലക്ഷണങ്ങളുള്ള കോവിഡ് രോഗികളുടെ ചികിത്സയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു. കുറെക്കൂടി ഗൗരവമുള്ള ലക്ഷണങ്ങളുള്ള രോഗികളെ കോവിഡ് Second Line Treatment Centre (B) ലാണ് ചികിത്സിക്കുന്നത്. കൂടുതൽ ഗൗരവമുള്ള രോഗികളുടെ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള ക്രിട്ടിക്കൽ കെയർ (C) സൗകര്യങ്ങൾ ഗണ്യമായ രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ് ഹോസ്പിറ്റൽ, അതർ ഗവൺമെന്റ് ഹോസ്പിറ്റൽ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, ഡോമിസിലറി കെയർ സെന്റർ, അതർ പ്രൈവറ്റ് ഹോസ്പിറ്റൽ എന്നീ 574ഹോസ്പിറ്റലുകളിലായി 55484 -ഓളം കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ അടക്കമുള്ളവരുടെ സേവനം കൂടുതലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വെന്റിലേറ്ററോടുകൂടിയ ഐ.സി.യു കിടക്കകളുടെ എണ്ണം സർക്കാർ അധീനതയിലുള്ള ആശുപത്രികളിൽ എത്രയാണെന്ന് അറിയിക്കാമോ; ആയത് നിലവിലുള്ള സാഹചര്യത്തിൽ പര്യാപ്തമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | സർക്കാർ ആശുപത്രികളിലായി 2609 ICU കിടക്കകളും 1363 വെന്റിലേറ്ററുകളും ഉണ്ട്. നിലവിലെ സാഹചര്യത്തിൽ ഇത് പര്യാപ്തമാണ്. |
| (ഡി) | കോവിഡ് രോഗികളെ പരിചരിക്കുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും എന്തെങ്കിലും പ്രത്യേക ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങൾ അനുവദിച്ച മാതൃകയിൽ ആനുകൂല്യങ്ങൾ | (ഡി) | കോവിഡ് രോഗികളെ പരിചരിക്കുന്ന സർക്കാർ മേഖലയിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും, പാരാമെഡിക്കൽ ജീവനക്കാർക്കും ഡ്യൂട്ടി കാലയളവിൽ കോവിഡ് മൂലം മരണം സംഭവിക്കുകയാണെങ്കിൽ 50 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | കേരളത്തിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ആനുകൂല്യം ജീവനക്കാരന്റെ കുടുംബത്തിന് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ